# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

e-mail: dokkd.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

നം.കെ.എസ്.എ.കെ.കെ.ഡി.പി 10 /169 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495237101

തീയതി -25.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**വില്ല്യാപ്പള്ളി** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് 3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.10 /169 /2020 തിയ്യതി-25.02.2020

# കോഴിക്കോട് ജില്ലയിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ **വില്ല്യാപ്പള്ളി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 23.02.2019 മുതൽ 21.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.01.2020 മുതൽ 31.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കരുണാകരൻ എം | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സതീഷ് കുമാർ സി.പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. അൻസാർ കെ. | 01.04.2018 മുതൽ 08.07.2018 വരെ |
| | ശ്രീ.ഹരിദാസൻ വി.പി(ഇൻ ചാർജ്) | 07.07.2018 മുതൽ 17.09.2018 വരെ |
| | ശ്രീ. അൻസാർ കെ. | 18.09.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.ഹരിദാസൻ വി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി സനിഷ പി | 01.04.2018 മുതൽ 01.07.2019 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി സ്വീറ്റി എസ് | 02.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി വിജയലക്ഷ്മി സി.എച്ച് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. വിജ്ഞനേഷ് എസ്.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദ) | ഡോ. പ്രഷീല കെ | 01.04.2018 മുതൽ 17.07.2018 വരെ |
| | ഡോ. അനു. ജി | 18.07.2018 |
| | ഡോ. ബബിത പി | 19.07.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. രജീത് ടി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അംബികകുമാരി പി.എം | 01.04.2018 മുതൽ 07.11.2018 വരെ |
| | ശ്രീമതി. ജെന്നി | 07.11.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. മഹേഷ് | 01.04.2018 മുതൽ 30.07.2018 വരെ |
| | ശ്രീ. ശ്രീജിത്ത് | 01.08.2018 മുതൽ 31.03.2019 |
| വി.ഇ.ഒ | ശ്രീ.വിനീത പി | 01.04.2018 മുതൽ 22.04.2018 വരെ |
| | ശ്രീ. ശൈലേഷ് കുമാർ | 23.04.2018 മുതൽ 27.12.2018 വരെ |
| വി.ഇ.ഒ | ശ്രീ.വിനീത പി | 28.12.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 7 | വാർഷിക കണക്കിലെ അപാകതകൾ | 1-7 |
| 8 | രശിത് പിരിവ് -അപാകതകൾ | 1-8 |
| 9 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുമ്പോൾ വിസ്തീർണ്ണത്തിൽ കുറവ് കാണിക്കുന്നു. | 1-9 |

| | | |
|---|---|---|
| 10 | ലൈസൻസ് അപാകതകൾ | 1-10 |
| 11 | തൊഴിൽ നികുതി അപാകതകൾ | 1-11 |
| 12 | ഉപയോഗം കഴിഞ്ഞ പത്രങ്ങൾ/മാസികകൾ എന്നിവ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല. | 1-12 |
| 13 | ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ തയ്യാറാക്കിയിട്ടില്ല. | 1-13 |
| 14 | തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല. | 1-14 |
| 15 | ഡയറിഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലും, ആനുകൂല്യങ്ങൾ വിതരണം ചെയ്തതിലും അപാകതകൾ | 1-15 |
| 16 | സാമൂഹ്യക്ഷേമവകുപ്പ് സഹായത്തോടെ ബാലവാടി നിർമ്മാണം – പ്രൊജക്ട് വിശദവിവരം ലഭ്യമാക്കിയില്ല. | 1-16 |
| 17 | മാലിന്യനിർമ്മാർജ്ജന പ്രൊജക്ട് നടത്തിപ്പിൽ അപാകത | 1-17 |
| 18 | ജലനിധി പദ്ധതിയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ – പദ്ധതിയുടെ തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-18 |
| 19 | എസ്.എസ്.എ.വിഹിതം അടവാക്കൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-19 |
| 20 | സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-20 |
| 21 | കിടപ്പു രോഗികൾക്ക് മരുന്നിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭിച്ചില്ല. | 1-21 |
| 22 | പഞ്ചായത്ത് ആസ്തികൾ സംരക്ഷിക്കുന്നതിൽ വീഴ്ച | 1-22 |
| 23 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം – പിഴ ഈടാക്കിയില്ല. | 1-23 |
| 24 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. | 1-24 |
| 25 | പൊതുമരാമത്ത് പദ്ധതികൾ – മോണിറ്ററിംഗ് ഫലപ്രദമല്ല. | 1-25 |
| 26 | ഏറ്റെടുത്ത പൊതു മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല. | 1-26 |
| 27 | അമൃതം ന്യൂട്രിമിക്സ് – പരിശോധിച്ച ലാബ് റിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-27 |
| 28 | വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. | 1-28 |
| 29 | വാഴക്കന്ന് വിതരണം – അപാകതകൾ | 1-29 |
| 30 | മേമുണ്ട സാംസ്കാരിക നിലയം ലൈബ്രറി പുസ്തകങ്ങളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-30 |
| 31 | അംഗീകരിച്ച ഒബ്സർവേഷൻ ഡാറ്റയിൽ കൂടുതൽ കരാറുകാരന് നൽകി. | 1-31 |
| 32 | വിവിധ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിന് കാലതാമസം | 1-32 |
| 33 | ഹരിതം – വില്ല്യാപ്പള്ളി | 1-33 |
| 34 | ലൈഫ് ഭവന പദ്ധതി – അവലോകനം | 1-34 |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-35 |
| | | |

| | | |
|---|---|---|
| ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |
| ഭാഗം 3ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 36 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം – പിഴ ഈടാക്കിയില്ല | 3-1 |
| 37 | അംഗീകരിച്ച ഒബ്സർവേഷൻ ഡാറ്റയിൽ കൂടുതൽ കരാറുകാരന് നൽകി | 3-2 |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.02.2018 തീയതിയിലെ നം-66/2017-18 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28.02.2019 തീയതിയിലെ 66/2019 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7377694 |
| വരവ് | 85919084 |
| ആകെ | 93296778 |
| ചെലവ് | 736118120 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 19678658 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-<br>ജനറൽ (ACR പ്രകാരം) | | 0 | 15530834 | 15530834 | 15530834 | 0 |
| വികസന ഫണ്ട്-<br>എസ്.സി.പി(ACR പ്രകാരം) | | 0 | 822720 | 822720 | 822720 | 0 |
| വികസന ഫണ്ട്-<br>ടി.എസ്.പി(ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്,<br>റോഡ് (ACRപ്രകാരം) | | 0 | 4870986 | 4870986 | 4870986 | 0 |
| മെയിന്റനൻസ്,<br>നോൺ-റോഡ്(ACR പ്രകാരം) | | 0 | 1634640 | 1634640 | 1634640 | 0 |
| സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7055322 | 7055322 | 7055322 | 0 |
| കെ.എൽ.ജി.<br>എസ്.ഡി.പി | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 8897 | 356 | 9253 | 0 | 9253 |
| സാക്ഷരത | | 2816 | 113 | 2929 | 0 | 2929 |
| എം.ജി.എൻ.<br>ആർ.ഇ.ജി.<br>എസ് | തൊഴിലാളികളുടെ കൂലി | 0 | 19744343 | 19744343 | 19744343 | 0 |
| | അഡ്മിനിസ്ട്രേറ്റീവ്<br>ചെലവ് | 22454 | 505593 | 528047 | 527728 | 319 |
| <u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ</u> | | | | | | |
| എെ.സി.ഡി.എസ് | | 334065 | 1408805 | 1742870 | 1345769 | 397101 |
| പൈക്ക | | 107684 | 3818 | 111502 | - | 111502 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 221824 | 2034942 | 2256766 | 455228 | 1801538 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ<br>ജലനിധി | | 3430276 | 21652152 | 25082428 | 23466531 | 1615897 |
| ജോയിന്റ്<br>വെഞ്ചർ<br>അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 125 | 1355000 | 1355125 | 1350251 | 4874 |
| | ജില്ലാ പഞ്ചായത്ത് | 0 | 789341 | 789341 | 377000 | 412341 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | -515206 | 24941598 | 24426392 | 16291776 | 8134616 |
| ബി ഫണ്ട് | | 0 | 56449800 | 56449800 | 56449800 | 0 |
| | സർവ്വീസ് കോ-<br>ഓപ്പറേറ്റീവ് ബാങ്ക്-1912 | 3616969 | 14656466 | 18273435 | 10803069 | 7470366 |
| | എസ്.ബി.<br>എെ ഇ പേയ്മെന്റ് | 37084 | 4961973 | 4999057 | 4176977 | 822080 |
| | ട്രഷറി സ്പെഷ്യൽ | 0 | 1807000 | 1807000 | 1402400 | 404600 |

| | | | | | | |
|---|---|---|---|---|---|---|
| | ടി.എസ് .ബി ജോയിന്റ് വെഞ്ച്വർ-1049 | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 89834844 | 91 | 42389058 | 68 | 5 | 55 |

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
2. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.
3. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബജററ് ഫയൽ തയ്യാറാക്കിയിട്ടില്ലെന്നു കാണുന്നു. ഓരോ വർഷവും മാർച്ച് ആദ്യവാരത്തിനു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തികാണുന്നു.
4. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെങ്കിലും തുടർനടപടി കാര്യക്ഷമമല്ല.
5. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

6. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ചവരുത്തിയിട്ടുണ്ട്.

7. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാർക്ക് സെക്ഷൻ ക്രമത്തിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ യഥാസമയം വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിൽ സൂപ്പർവൈസറി തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ). നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി). കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്റ്റാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി). വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി). സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ). പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എഫ്). ഓഫീസ് മീറ്റിംഗുകൾ പ്രതിമാസം വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.

# 1-7 വാർഷിക കണക്കിലെ അപാകതകൾ

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വിവിധ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ , ബാങ്ക് ബുക്കുകൾ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ട്രഷറി അക്കൌണ്ടുകളായ അക്കൌണ്ട് നമ്പർ 717031400000001 (ടി.എസ്.ബി അക്കൌണ്ട്), 799011400004821 (സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ട്/ ജോയിന്റ് വെഞ്ചർ അക്കൌണ്ട്) എന്നിവയുടെ ബാങ്ക് ബുക്കുകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.
3. വില്ല്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ട് നമ്പർ 3983 –ൽ (സാക്ഷരത അക്കൌണ്ട്) 31.03.2019 തിയ്യതിയിൽ 2929 രൂ നീക്കിയിരിപ്പ് ഉള്ളതായി വാർഷിക കണക്കിൽ കാണുന്നു. എന്നാൽ ഈ അക്കൌണ്ടിന്റെ പാസ്ബുക്ക് / ബാങ്ക് സ്റ്റേറ്റുമെന്റ് എന്നിവയൊന്നും പഞ്ചായത്തിൽ ലഭ്യമല്ല.
4. 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ഇതിനു പകരം രജിസ്റ്ററിന്റെ പേജുകളുടെ അടിസ്ഥാനത്തിലാണ് സംക്ഷിപ്തം തയ്യാറാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ 2018-19 വർഷത്തെ ബാലൻസ് ഷീറ്റിലെ B-7 സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. 2018-19 വർഷത്തെ അഡ്വാൻസ് രജിസ്റ്ററിലും ഇനം തിരിച്ചുള്ള സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ഇതുകാരണം ബാലൻസ് ഷീറ്റിലെ B-18 സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഇനങ്ങളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. അഡ്വാൻസ് രജിസ്റ്ററിൽ 89, 90 പേജ് നമ്പറുകളിലെ രേഖപ്പെടുത്തലുകൾ വെട്ടി ഒഴിവാക്കിയിട്ടുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല .

7. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണമല്ല . രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല .

8. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-14 സ്റ്റേറ്റുമെന്റ് പ്രകാരം സ്റ്റോക്ക്-ഇൻ-ഹാൻഡ് 'പൂജ്യം ' എന്നാണ് കാണിച്ചിരിക്കുന്നത്.

9. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ 2018-19 വർഷത്തെ കൂട്ടിചേർക്കലുകൾ ഉൾപ്പെടുത്തി പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

10. 2018-19 വർഷത്തെ ബാലൻസ് ഷീറ്റിൽ B-4 സ്റ്റേറ്റുമെന്റിൽ താഴെപ്പറയുന്ന ഫണ്ടുകളുടെ കാര്യത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ഫണ്ട് ഇനം | തുക (രൂ) |
|---|---|---|
| 1. | ശുചിത്വ മിഷൻ ഗ്രാന്റ് | 1801538 |
| 2. | സ്പെഷ്യൽ പർപ്പസ് ഗ്രാന്റ് | 60000 |

11. MGNREGS ഇനത്തിൽ സ്കീം അക്കൌണ്ടന്റ് സൂക്ഷിച്ച കണക്കുകൾ പ്രകാരം അഡ്മിൻ ഇനത്തിലെ 2018-19 വർഷത്തെ ആകെ വരവ് 506202 രൂപയും EFMS ഇനത്തിലെ ആകെ വരവ് / ചെലവ് 19871953 രൂപയുമാണ് . എന്നാൽ ഈ തുകകളുടെ ആകെ തുകയ്ക്കു പകരം (20378155 രൂ) 2018-19 വർഷത്തെ I-6 സ്റ്റേറ്റുമെന്റിൽ ഈ ഇനത്തിൽ വരവായി കാണിച്ച തുക 20399681 രൂപയാണ്.

12. RP-34 സ്റ്റേറ്റുമെന്റുകളിൽ EMD , Security Deposit മുതലായ ഇനങ്ങളിലെ വരവ് / ചെലവ് തുകകൾ കാണിച്ചിട്ടില്ല.

13. Capital Work in Progress എന്ന ഇനത്തിൽ 2018-19 വർഷത്തെ ബാലൻസ് ഷീറ്റിൽ B-11(a) സ്റ്റേറ്റുമെന്റിൽ കാണിച്ചിരിക്കുന്ന തുക ' പൂജ്യം ' എന്നാണ്. എന്നാൽ ഇത് ശരിയല്ല. 2018-19 വർഷത്തിൽ പാർട്ട് ബിൽ പേയ്മെന്റ് നടത്തിയിട്ടുള്ള ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ / തിയ്യതി (അസി.എഞ്ചിനീയറുടെ ബിൽ ബുക്ക് പ്രകാരം) | ട്രഷറി ബിൽ തുക(രൂ) | എസ്റ്റിമേറ്റ് തുക(രൂ) |
|---|---|---|---|
| 1. | 25/18-19 ,22.3.19 | 291501 | 3 ലക്ഷം |
| 2. | 36 / 18-19 ,27.3.19 | 110000 | 4 ലക്ഷം |

14. വസ്തു നികുതിയിനത്തിൽ മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം തുക പിരിച്ചെടുക്കുവാൻ ബാക്കിയില്ല എങ്കിലും തൻവർഷം കുടിശ്ശിക തുക പിരിച്ചെടുത്തതായി കാണുന്നു.

ഓഡിറ്റ് സമയത്ത് ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

15.സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായമിനത്തിൽ ലഭിച്ച ₹90000 വരവ് ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-8 രശീത് പിരിവ് അപാകതകൾ

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ 2018-19 വർഷത്തിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയ

റസീറ്റ് ബുക്കുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. റസീറ്റുകൾ എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

2.ക്യാൻസൽ ചെയ്ത റസീറ്റുകളോടൊപ്പം റസീറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുകയും തുക ഈടാക്കിയ തിയ്യതി രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

| ക്രമ നം | രസീത് നം | തുക |
|---|---|---|
| 1 | 3093/30 | 2000/- |
| 2 | 3093/31 | 1750 |
| 3 | 3093/58 | 1875 |
| 4 | 3093/85 | 3125 |
| 5 | 3093/87 | 1500 |
| 6 | 3093/91 | 2000 |
| 7 | 3093/93 | 1500 |
| 8 | 3094/15 | 1500 |
| 9 | 3094/23 | 2100 |
| 10 | 3094/34 | 2100 |
| 11 | 3094/46 | 2000 |
| 12 | 3094/50 | 3750 |
| 13 | 3094/57 | 2500 |
| 14 | 3094/62 | 1750 |
| 15 | 3094/66 | 1875 |
| 16 | 3094/71 | 1625 |

അപാകതയ്ക്ക് വിശദീകരണം നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.ക്യാൻസൽ ചെയ്ത റസീറ്റുകളുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-9 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുമ്പോൾ വിസ്തീർണ്ണത്തിൽ കുറവ് കാണിക്കുന്നു.

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ബിൽഡിംഗ് നമ്പർ അനുവദിച്ച ശ്രീ.റഫീഖ് അരയാക്കൂൽ.സിദ്ധസമാജം,ശ്രീ.പി.സി അമ്മത് അൽമാസ് മേമുണ്ട എന്നയാളിന്റെ ബിൽഡിംഗ് പ്ലാനിൽ ചേർത്തിട്ടുള്ള കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയും നമ്പർ അനുവദിച്ചതിന് ശേഷമുള്ള പ്ലിന്ത് ഏരിയയും തമ്മിൽ വ്യത്യാസം നില നില്ക്കുന്നു.

| ക്രമ നം | അനുവദിച്ച കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ |
|---|---|---|

| | | |
|---|---|---|
| 1 | 14/346ഇ | 56.7 ചതുരശ്ര മീറ്റർ |
| 2 | 14/346 എഫ് | 56.83ചതുരശ്ര മീറ്റർ |
| 3 | 14/346 ജി | 42.56ചതുരശ്ര മീറ്റർ |
| 4 | 14/346 എച്ച് | 56.7ചതുരശ്ര മീറ്റർ |
| 5 | 14/346ജെ | 56.81ചതുരശ്ര മീറ്റർ |
| 6 | 14/346 കെ | 56.83 ചതുരശ്ര മീറ്റർ |
| ആകെ ഏരിയ | | 326.43ചതുരശ്ര മീറ്റർ |

കെട്ടിട ഉടമ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 348.02 ചതുരശ്ര മീറ്റർ ആണ്. കെട്ടിടത്തിന് നമ്പർ അനുവദിച്ചതിന് ശേഷം പ്ലിന്ത് ഏരിയയിൽ 21.59 ചതുരശ്ര മീറ്റർ കുറവുണ്ടായിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കേണ്ടതും അധികമായി വരുന്ന നികുതി കെട്ടിട ഉടമയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. ഇപ്രകാരം വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ പ്ലിന്ത് ഏരിയയിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

# 1-10 ലൈസൻസ് അപാകതകൾ

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തിയ്യതിയിൽ അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ പ്രസിഡന്റ് കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 669 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 442 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 3090 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 669 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിയമാനുസൃതം ലൈസൻസ് എടുപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വാർഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തിയിരുന്നു എങ്കിലും പൂർണ്ണമായ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. .ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

<u>മറ്റ് അപാകതകൾ</u>

1. 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് സന്ദർശിച്ചതിന് ശേഷം അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ല

3. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി )വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1006 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-11 തൊഴിൽ നികുതി അപാകതകൾ

1) <u>രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലെ അപാകതകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2018-19ൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2018-19സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്,കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2)<u>തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല</u>

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | ലൈസൻസ് ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | **വാർഡ് / കെട്ടിട നം** | **ആവശ്യം** | **ജീവനക്കാരുടെ എണ്ണം** | ഈടാക്കിയ നികുതി |
|---|---|---|---|---|---|---|
| 1 | 99/18-19 | ശ്രീ.ജ്യോതിസ് ഇഞ്ചയിൽ ഇടുക്കി | 19/453എ | ബിൽഡിംഗ് മെറ്റീരിയൽസ് വിൽപ്പന | 2 | 1500 |
| 2 | 94/18-19 | ശ്രീ കെ മുഹമ്മദ് പുല്ലഞ്ചേരി താഴകുനി | 5/576 | ബേക്കറി | 3 | 1500 |
| 3 | 2/18-19 | ശ്രീമതി ശ്രീജ അശോകൻ | 5/550 | മെഡിക്കൽ ലാബ് | 4 | 2500/- |
| 4 | 37/18-19 | ശ്രീ.എം പി രാജൻ | 3/733 | ഹോട്ടൽ | 4 | 1500/- |
| 5 | 198/18-19 | ശ്രീ കെകെ മജീദ് | 17/473 | ബിൽഡിംഗ് മെറ്റീരിയൽസ് വില്പന | 3 | 900 |
| 6 | 134/18-19 | ശ്രീ.ഒ എം കുമാരൻ കീർത്തി | 4/468-469 | ഹോട്ടൽ | 4 | 900 |
| 7 | 132/18-19 | ശ്രീ. ചന്ദ്രൻ,അശോകൻ | 5/65എഫ് | ഹോട്ടൽ | 3 | 900 |

| | | | | | | |
|---|---|---|---|---|---|---|
| 8 | 113/18-19 | സ്വാമി ചൈതന്യ ജ്ഞാന തപസ്വി | 17/333 | വെളിച്ചെണ്ണ നിർമ്മാണം | 4 | 900 |
| 9 | 387/18-19 | ശ്രീ.ജയഫർ പി.എം | 3/593സി | ചില്ലീസ് ഫാമിലി റസ്റ്റോറന്റ് | 7 | 3600 |
| 10 | 380/18-19 | ശ്രീ. ബിജുനാഥ് പി | 16/457എ | ഇന്റർലോക്ക് നിർമ്മാണം | 5 | 3600 |
| 11 | 319/18-19 | ശ്രീ.നിധീഷ് സി.പി | 16/652സി.ഡി | ചപ്പാത്തി നിർമ്മാണ യൂണിറ്റ് | 7 | 1500 |
| 12 | 309/18-19 | ശ്രീ.നൌഷാദ് ഏലത്ത് | 5/658എ | റെഡിമെയ്ഡ്,ഫാൻസി | 4 | 3600 |
| 13 | 614/18-19 | ശ്രീമതി വിമല കോളിയോട്ട് | 11/424 | ഹോട്ടൽ | 5 | 600 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം,ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

3)<u>അർദ്ധവാർഷിക വരുമാന പത്രികകളിൽ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) അൻസാർ വിമൺസ് കോളേജ്, മേമുണ്ട

2)അൻസാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് കുട്ടോത്ത്

3)അൻസാർ ജൂനിയർ കോളേജ് മേമുണ്ട.

സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യവും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ഉദാ- അൻസാർ ജൂനിയർ കോളേജ് മേമുണ്ട സമർപ്പിച്ച റിട്ടേണിൽ അധ്യാപകരുടെ ശമ്പളം പ്രതിമാസം 2500/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോഎന്നും , രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടുമില്ല.ഏതൊരു സംസ്ഥാന/ കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്. പഞ്ചായത്തിൽ നിന്നും സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിവരങ്ങൾ നൽകാതിരിക്കുന്നത് നിയമലംഘനമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അതു പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

4)മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 2 അക്ഷയ കേന്ദ്രങ്ങൾ,ഡേ മാർട്ട് സൂപ്പർമാർക്കറ്റ് വില്ല്യാപ്പള്ളി എന്നീ സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 3090 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2018-19 വർഷത്തിൽ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 227 ആണ്. അതായത് 2863 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കുന്നുണ്ടെന്ന് വേണം കരുതാൻ. ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 669 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 851 ആണ്. അതായത് അവശേഷിക്കുന്ന 2012 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

മേൽ സ്ഥാപങ്ങളിൽ നിന്നും ചട്ടങ്ങളിൽ അനുശാസിക്കുന്ന വിധം നികുതിയീടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ,സൂപ്പർവൈസറി ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ മേൽനോട്ടം വഹിക്കേണ്ടതാണ്.

# 1-12 ഉപയോഗം കഴിഞ്ഞ പത്രങ്ങൾ/മാസികകൾ എന്നിവ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത ലൈബ്രറികൾ/ വായന ശാലകൾ,സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധ പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ,മാസികകൾ എന്നിവ പഞ്ചായത്ത് തനത് ഫണ്ട് വിനിയോഗിച്ച് നൽകിവരുന്നുണ്ട്. വിവിധ വായനശാലകളിലും, ലൈബ്രറികളിലും മറ്റും വായിച്ചു കഴിഞ്ഞ് അവശേഷിക്കുന്ന പത്രങ്ങൾ, മാസികകൾ എന്നിവ പഞ്ചായത്ത് ഓഫീസിൽ എത്തിക്കാൻ വേണ്ടി വായനശാല/ ലൈബ്രറി ഭാരവാഹികളുടെ ഒരു യോഗം 31.10.18 ന് പഞ്ചായത്ത് ഓഫീസിൽചേരാൻ 24.10.18ലെ ഭരണസമിതി യോഗം തീരുമാനിച്ചതായികാണുന്നു. എന്നാൽ നാളിതുവരെ ഇത്തരം പത്രങ്ങൾ പഞ്ചായത്തിൽ തിരികെ എത്തിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വായനശാലകൾ, ലൈബ്രറികൾ എന്നിവിടങ്ങളിൽ നിന്നും വായിച്ച കഴിഞ്ഞ പത്രങ്ങൾ, മാസികകൾ എന്നിവ തിരികെ ഈടാക്കി ലേല നടപടികൾ കൈകൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ തയ്യാറാക്കിയിട്ടില്ല.

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സിൽ 37 മുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. വാടകയ്ക്ക് നൽകുന്നതിന് മുമ്പായി 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം-ചട്ടം 3(6) പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉപയോഗം സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്നത് പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങാതെയാണ് കൈവശക്കാരുമയി കരാറിലേർപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക്

നൽകിയിരിക്കുന്നത്. ചട്ടപ്രകാരം തയ്യാറാക്കിയ ബൈലോ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം ,ഇനം ,തരം എന്നിവരേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം പഞ്ചായത്ത് പരിധിയിൽ 355 തെരുവുവിളക്കുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 95532 രൂപ സാമ്പത്തിക വർഷം പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. ( ഹൈമാസ്റ്റ് ഒഴികെ). എന്നാൽ തെരുവുവിളക്കുകളുടെ സംരക്ഷത്തിനായി ഒരു സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പെടെ രണ്ട് പ്രൊജക്ടുകൾക്ക് പഞ്ചായത്ത് തുക വകയിരുത്തിയിരുന്നെങ്കിലും തുക ചെലവഴിച്ച് വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയതായി കാണുന്നില്ല. പ്രൊജക്ടുകളുടെ വിശദ വിവരം താഴെക്കൊടുക്കുന്നു

| പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ചതുക |
|---|---|---|
| 86/19 തെരുവ് വിളക്ക് പരിപാലനം | 450000 | -- |
| 158/19 തെരുവുവിളക്കുകളുടെ റിപ്പയർ | 125275 | -- |

കുട്ടോത്ത് കാവിൽ റോഡിലുള്ള തെരുവ് വിളക്കുകൾ കത്തുന്നില്ലെന്ന സ്നേഹ റസിഡൻസ് അസോസിയേഷന്റെ പരാതി പഞ്ചായത്ത് ഭരണ സമിതിയുടെ 25-2.19 ൽ കൂടിയ യോഗം പരിഗണിക്കുകയും ആയതിലെ 46/19 നമ്പർ തീരുമാനപ്രകാരം തെരുവുവിളക്കുകളുടെ റിപ്പയറിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനാൽ പ്രാദേശികമായി ഏറ്റടുത്ത് നടത്തുന്നതിന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് വാർഡ് മെമ്പറെ ചുമതലപ്പെടുത്തിയതിൽ നിന്നും തെരുവുവിളക്കുകൾ പലഭാഗത്തും പ്രവർത്തന ക്ഷമമല്ലെന്ന് വ്യക്തമാവുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ തെരുവുവിളക്കുകളുടെ റിപ്പയറിനായി 274725 രൂപ ചെലവഴിച്ചതിന് ശേഷം 2017-18, 2018-19 വർഷങ്ങളിൽ തുക വകയിരുത്തിയതല്ലാതെ റിപ്പയർ പ്രവൃത്തികളൊന്നും നടന്നതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് 1ാം ഉപവകുപ്പ് 3ാം പട്ടിക പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ് തെരുവ് വിളക്കുകൾ കത്തിക്കലും അവയുടെ പരിപാലനവും. പഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് കൃത്യമായി അടവാക്കുന്നുണ്ടെങ്കിലും അവയുടെ റിപ്പയറിനായി യഥാസമയം ആവശ്യമായ നടപടികൾ കൈകൊണ്ട് കാണുന്നില്ല. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതും നിലവിൽ തെരുവുവിളക്കുകളുടെ സംരക്ഷത്തിനായി കൈകൊണ്ട നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-15 ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലും,ആനുകൂല്യങ്ങൾ വിതരണം ചെയ്തതിലും അപാകതകൾ,

സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി ക്ഷീരവികസന മേഖലയിൽ രണ്ട് പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|
| 60/19 ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസന്റീവ് | 1000000 | 999820 | 1/18-19തി 27.11.18. 274879<br>2/18-19 തി27.11.18.162115<br>3/18-19 തി18.2.19.186353 |

| | | | |
|---|---|---|---|
| | | | 6/18-19 22.3.19. 51712<br>ചെക്ക് 621502-302683<br>621503 20.3.19-22168 |
| 62/19.കറവപ്പശുകൾക്ക് കാലിതീറ്റ | 1200000(ഗുണ.വിഹിതം ഒഴികെ | 1182986 | ബിൽ നമ്പർ 4/18-19 തി27.2.19-433272<br>5/18-19 തി6.3.19 -299101<br>7/18-19 തി22.3.19- 450613 |

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 4 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് ഇനത്തിലും, കാലിതീറ്റ സബ്സിഡി ഇനത്തിലുമാണ് തുക ചെലവഴിച്ചത്. പഞ്ചായത്ത് അംഗീകരിച്ചുനൽകിയ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ 14.6.18 ലെ ഭരണസമിതി തീരുമാനപ്രകാരം കറവപ്പശുക്കൾക്ക് കാലിത്തീറ്റ നൽകുന്നതിന് 143 പേർ ഉൾക്കൊള്ളുന്ന ലിസ്റ്റും പാൽ ഇൻസന്റീവിന് 121 പേർ ഉൾക്കൊള്ളുന്നലിസ്റ്റും അംഗീകരിച്ചുനൽകിയതിന് പുറമെ ഏത് പ്രൊജക്ടിനെന്ന് പ്രത്യേകം രേഖപ്പെടുത്താതെ രണ്ട് പ്രൊജക്ടുകൾക്കും മൊത്തമായി 239 പേർ അടങ്ങുന്ന മറ്റൊരുലിസ്റ്റും അംഗീകരിച്ചു നൽകിയതായി കാണുന്നു. ക്ഷീരസംഘങ്ങളിൽ പാൽ അളന്നതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചു നൽകുകയാണ് ഉണ്ടായതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ആയതിനോടനുബന്ധിച്ച് 7,8 വാർഡുകളിലെ ഗ്രാമസഭാ മിനുട്സ് പരിശോധിച്ചതിൽ 7ാം വാർഡിൽ 12.5.18 ന് കൂടിയ ഗ്രാമസഭയിൽ കറവപ്പശുകൾക്ക് കാലിത്തീറ്റ ഇനത്തിൽ23 പേരുടെയും മിൽക്ക് ഇൻസന്റീവ് ഇനത്തിൽ 22 പേരുടെയും ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. 9.11.18 ൽ കൂടിയ യോഗത്തിൽ രണ്ട് പ്രൊജക്ടുകൾക്കും മൊത്തമായി 16 പേരുടെയും ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി അംഗീകരിച്ചു നൽകിയ ലിസ്റ്റുകൾ പ്രകാരം 7ാം വാർഡിൽ കാലിതീറ്റ സബ്സിഡിക്ക്(36+27) 63 പേരും പാൽ ഇൻസന്റീവ് ഇനത്തിൽ (22+36) 58 പേരു ഉൾപ്പെട്ടിട്ടുണ്ട്. 8ാം വാർഡ് ഗ്രാമസഭയിൽ കാലിതീറ്റ സബ്സിഡിക്ക് 37 പേരുടെയും ,പാൽ ഇൻസന്റീവ് ഇനത്തിൽ 12 പേരുടെയും ലിസ്റ്റ് അംഗീകരിച്ചപ്പോൾ ഭരണസമിതിഅംഗീകരിച്ചുനൽകിയ ലിസ്റ്റിൽ വാർഡിൽ നിന്നും കാലിതീറ്റ സബ്സിഡിക്ക് 89പേരും പാൽ ഇൻസന്റീവിന് 68 പേരും ഉണ്ട്. ഇതിൽ നിന്നും ഗ്രാമസഭാ അംഗീകാരം ഇല്ലാത്ത ഗുണഭോക്താക്കളെയും ഭരണസമിതി അംഗീകരിച്ചു നൽകിയതായി വ്യക്തമാവുന്നു. കൂടാതെ പാൽ ഇൻസന്റീവ് ഇനത്തിൽ ബിൽ നമ്പർ 6/18-19 തി 22.3.19 പ്രകാരം പിൻവലിച്ച് തിരുമന ക്ഷീരോത്പാദക സംഘം മുഖേന വിതരണം ചെയ്ത 51712 രൂപ കൈപ്പറ്റിയ 34 ഗുണഭോക്താക്കൾ മേൽ ലിസ്റ്റിലൊന്നും ഉൾപ്പെട്ടതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് അനുവദിച്ച 51712 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-16 സാമൂഹ്യക്ഷേമവകുപ്പ് സഹായത്തോടെ ബാലവാടി നിർമ്മാണം-പ്രൊജക്ട് വിശദവിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ- 158/19

വകയിരുത്തിയ തുക- 1189053

ചെലവുതുക- ഇല്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ ആരംഭിച്ച് സ്പിൽ ഓവറായി തുടർന്നു വരുന്ന ഒരു പ്രൊജക്ടാണിത്. പ്രൊജക്ട് പരിശോധനയിൽ വിഭാവനം ചെയ്തതും, പൂർത്തീകരിച്ചതും, ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കോളം പൂരിപ്പിച്ചിട്ടില്ലാത്തതിനാൽ പ്രൊജക്ട് ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെന്ന് വ്യക്തമല്ല. എക്സ്റ്റേണൽ എയിഡഡ് പരിപാടിയിനത്തിൽ വകയിരുത്തിയ തുക പഞ്ചായത്ത് ഫണ്ടിൽ ഏത് സാമ്പത്തിക വർഷത്തിൽ വരവുവന്നു എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. 2015-16

സാമ്പത്തിക വർഷം മുതൽ പ്രൊജക്റ്റിനായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ചതുക |
|---|---|---|
| 2015-16 | 1471316 | 99022 |
| 2016-17 | 1372224 | ഇല്ല |
| 2017-18 | 1372224 | 183171 |
| 2018-19 | 1189053 | ഇല്ല |

2019-20 സാമ്പത്തിക വർഷം മുതൽ ഈ പ്രൊജക്റ്റ് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ അന്വോഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കേണ്ടതുംഎക്സ്റ്റേണൽ എയിഡഡ് എന്നപേരിൽ വകയിരുത്തിയ തുക ഏത് ഫണ്ടിനത്തിൽ,എത്ര രൂപ, ഏത് സാമ്പത്തിക വർഷത്തിൽ വരവ് വന്നു എന്നും മേൽ ഫണ്ടിൽ നിന്നും എത്ര തുക നാളിതുവരെ വിനിയോഗിക്കപ്പെട്ടുഎന്നും വിശദമാക്കേണ്ടതാണ്. കൂടാതെ 2019-20 സാമ്പത്തിക വർഷം മുതൽ പ്രൊജക്റ്റിനായി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 1189053 രൂപ തിരികെ അടവാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-17 മാലിന്യ നിർമ്മാർജന പ്രൊജക്ട് നടത്തിപ്പിൽ അപാകത

പ്രൊജക്റ്റ് നമ്പർ - 200/19

വകയിരുത്തിയ തുക- 300000/- രൂപ

ചെലവുതുക- 300000/-രൂപ(ഓഡർ നമ്പർ 153/20.2.19)

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം വില്ല്യാപ്പള്ളി പഞ്ചായത്തിൽ നിന്നും പ്രളയാനന്തര ശുചീകരണത്തിന്റെ ഭാഗമായി ശേഖരിച്ച് പൊതു സ്ഥലങ്ങളിൽ സൂക്ഷിച്ച അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജെ.ആർ എന്റർ പ്രൈസസ് ,കൊളത്തറ, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (ലോഡിന് 22500 രൂപ നിരക്കിൽ) ഭരണസമിതിയുടെ 24.12.2018 ൽ കൂടിയ യോഗം അംഗീകരിച്ചു. സ്ഥാപനം മാലിന്യങ്ങൾ നീക്കം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി മേൽപ്രകാരം 300000 രൂപ പിൻവലിച്ചതിൽ 6000 രൂപ I.T.ഒഴികെ 294000 രൂപ ജെ.ആർ എന്റർ പ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2. അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനായി സ്ഥാപനത്തിനുള്ള സംവിധാനം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. I.T.ഇനത്തിൽ കുറവുചെയ്ത 6000 രൂപ ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
4. മാലിന്യം നീക്കംചെയ്യുന്ന അവസരത്തിൽ ആരോഗ്യവകുപ്പ് അധികൃതരുടെ സാനിധ്യം ഉറപ്പുവരുത്തിയിട്ടില്ല.
5. ഒൻപത്,പത്ത് വാർഡുകളിൽ നിന്നായി 2 ലോഡ് വീതം മാലിന്യം നീക്കംചെയ്തതായി ബന്ധപ്പെട്ട മെമ്പർമാർ സാക്ഷ്യപത്രം നൽകിയതല്ലാതെ അവശേഷിക്കുന്ന മാലിന്യങ്ങൾ കയറ്റി അയച്ചതായി ആരും സാക്ഷ്യപത്രം നൽകിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 300000 രൂപ തടസ്സത്തിൽ വെക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആദായ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ- പദ്ധതിയുടെ തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ - 59/19

വകയിരുത്തിയ തുക - 3500000

ചെലവുതുക - 3500000

പഞ്ചായത്തിൽ 2015-16 സാമ്പത്തികവർഷത്തിൽ ആരംഭിച്ച ജലനിധി പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 2018-19 വർഷത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ നിന്നും 35 ലക്ഷം രൂപ പിൻവലിച്ച് ജലനിധി പദ്ധതിക്കുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ജലനിധി പദ്ധതിപ്രകാരം 31 പദ്ധതികൾക്കാണ് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളത്. ആയതിൽ ഒൻപത് പ്രൊജക്ടുകൾ വിവിധ കാരണങ്ങളാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. നടപ്പിലാക്കിയ പദ്ധതികളിൽ 20 എണ്ണം എക്സിറ്റായതായും 2 പ്രൊജക്ടുകൾ എക്സിറ്റ് ഘട്ടത്തിൽ എത്തിനിൽക്കുന്നതായും ജലനിധി അധികൃതർ അറിയിച്ചിട്ടുണ്ട്. പദ്ധതികൾക്കായി 2016-17, 17-18, 18-19 വർഷങ്ങളിൽ മൊത്തം 1,02,00,000 രൂപ പഞ്ചായത്ത് വിഹിതമായി ജലനിധി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിൽ എത്ര തുക പദ്ധതികൾക്കായി വിനിയോഗിച്ചു എന്ന വിവരം ലഭ്യമായിട്ടില്ല. ജലനിധി പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിൽ എത്തിനിൽക്കുന്ന സമയത്ത് പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 31.12.19 ൽ മേൽ അക്കൗണ്ടിൽ 5634171 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. നീക്കിയിരിപ്പു തുകയിൽ തിരിച്ചടവാക്കാനുള്ള സർക്കാർ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവ എത്ര എന്ന് തിട്ടപ്പെടുത്തി തിരികെ അടവാക്കേണ്ടതുണ്ട്. ആയതിന് കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അതാതിടങ്ങളിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 S.S.A.വിഹിതം അടവാക്കൽ-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രൊജക്ട് നമ്പർ - 3/18-19

വകയിരുത്തിയ തക - 400000

ചെലവുതുക - 400000(ബിൽ നമ്പർ 9/18-19 തി13.8.18)

മേൽ പ്രൊജക്ട് പ്രകാരം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 400000 രൂപ പിൻവലിച്ച് ജില്ലാപ്രൊജക്ട് ഓഫീസർ എസ്.എസ്.എ.കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്.പ്രൊജക്ട് ഡയറക്ടറുടെ 4.12.18 ലെ C/1807/2018 പ്രകാരം സെക്രട്ടറിക്കുള്ള കത്തിൽ എസ്.എസ് എ.മുഖേനയുള്ള പ്രവർത്തനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലേക്ക് 44.66 ലക്ഷം രൂപ അനുവദിച്ചതായും ആയതിന്റെ ഗ്രാമപഞ്ചായത്ത് വിഹിതമായി 17.86 ലക്ഷം രൂപ അടവാക്കാനും ആവശ്യപ്പെട്ടു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും കേവലം 4 ലക്ഷം രൂപ മാത്രമെ S.S..A.ക്ക് കൈമാറിയിട്ടുള്ളൂ. കൂടാതെ സ.ഉ.നമ്പർ 11/18 29.1.18 ഖണ്ഡിക 7.6.(4) പ്രകാരം ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും ഗവ. നിശ്ചയിക്കുന്ന തുക എസ്.എസ.എ പ്രൊജക്ടുകൾക്ക് വകയിരുത്തേണ്ടതും പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രൊജക്ട് വിശദാംശം തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉണ്ടായതായി കാണുന്നില്ല. ആവശ്യപ്പെട്ട തുക വകയിരുത്താതെ 400000 രൂപ S.S.A.ക്ക് കൈമാറുക മാത്രമാണ് പഞ്ചായത്ത് ചെയ്തിരിക്കുന്നത്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മറ്റി, വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് എന്നിവ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിക്കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുപ്രകാരം വിവിധ പ്രൊജക്ടുകൾ പ്രകാരം ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വരവുവന്ന തുകകൾ പൂർണമായും ചെലവഴിക്കാതെ സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജോയിന്റ് വെഞ്ചർ എകൗണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു.(B4 സ്റ്റേറ്റ് മെന്റ് കാണുക). മേൽ തുകകളിൽ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 412341 രൂപയിൽ 400000 രൂപ കിണർ റീചാർജിംഗ് പദ്ധതിക്കായി വന്നതുകയാണ്. അവശേഷിക്കുന്ന 12341 രൂപ ലൈഫ് പദ്ധതി (ഭൂമിയുള്ള ഭവനരഹിതർ) പ്രകാരം വന്നതുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതാണ്.ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളിൽ 4600 രൂപ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനത്തിൽ വന്നതുകയാണ്. കൂടാതെ ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസന്റീവിനത്തിൽ വന്നതുകയിൽ 149 രൂപയും അവശേഷിക്കുന്നു. 125 രൂപ 2017-18 വർഷത്തിൽ അവശേഷിക്കുന്ന തുകയാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മൊത്തം 4874 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരിച്ചടവാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കിടപ്പുരോഗികൾക്ക് മരുന്നിനായി മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയ തുകക്ക് മരുന്നുകൾ ലഭിച്ചില്ല

പ്രൊജക്ട് നമ്പർ - 32/18-19

വകയിരുത്തിയ തുക - 600000

ചെലവുതുക - 599951

പാലിയേറ്റീവ് ഹൊംകെയർ പ്രൊജക്ട് പ്രകാരം കിടപ്പുരോഗികൾക്കുള്ള മരുന്നിനായി ബിൽ നമ്പർ 11/18-19 തി.27.3.19 പ്രകാരം പിൻവലിച്ച 76350 രൂപയിൽ നിന്നും 60000 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. കിടപ്പുരോഗികൾക്കു അത്യാവശ്യം ലഭ്യമാക്കേണ്ട മരുന്നുകൾക്ക് പണമടവാക്കി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ പൂർണമായി സ്ഥാപനത്തിൽ ലഭിച്ചിട്ടില്ല.നാളിതുവരെ 39316 രൂപയുടെ മരുന്നുകൾമാത്രമെ ലഭ്യമായിട്ടുള്ളു.അവശേഷിക്കുന്ന 20684 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്നുകൾ ലഭ്യമാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥൻ നടപടികൾ കൈകൊണ്ടതായും കാണുന്നില്ല, ലഭ്യമാവാത്ത മരുന്നിന്റെ വില 20684 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 പഞ്ചായത്ത് ആസ്തികൾ സംരക്ഷിക്കുന്നതിൽ വീഴ്ച.

പഞ്ചായത്ത് അധീനതയിലുള്ള പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം യഥാസമയം സംരക്ഷണ പ്രവർത്തികൾ നടത്താത്തതിനാൽ അപകടാവസ്ഥയിലാണ്. ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥിതി ചെയ്യുന്ന മത്സ്യമാർക്കറ്റിന്റെ തേപ്പ്, കോൺക്രീറ്റ് എന്നിവ അടർന്നുവീണ് ഉണ്ടിയിൽ ഹാജറ എന്നവർക്ക് പരിക്കുപറ്റുകയും ആയതിനാൽ ചികിത്സാ ചെലവ് അനുവദിച്ചു നൽകണമെന്ന ടിയാളുടെ അപേക്ഷ ഭരണസമിതി പരിഗണിച്ച് 13-7.2018 ലെ ഭരണസമിതി യോഗത്തിലെ 125/18 നമ്പർ തീരുമാന പ്രകാരം വാഹനച്ചെലവുൾപ്പെടെ ചികിത്സാചെലവ് അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവിനത്തിൽ വൗച്ചർ നമ്പർ 21800516 തി21.11.18 പ്രകാരം ടിയാൾക്ക് 7947 രൂപ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ലൈബ്രറി,14 കടമുറികൾ,മത്സ്യമാർക്കറ്റ് എന്നിവ സ്ഥിതിചെയ്യുന്ന മേൽ കെട്ടിടം പൊതുജനങ്ങൾ സ്ഥിരമായി ഉപയോഗപ്പെടുത്തുന്ന സ്ഥലമാണ്. ഷോപ്പിഗ് കോംപ്ലക്സ് കെട്ടിടം സെക്രട്ടറി നിയോഗിച്ച പഞ്ചായത്ത് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ 30.1.2020 ന് നേരിൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ പലഭാഗത്തും മുകളിലെ സ്ലാബിൽ

നിന്നും തേപ്പ്, കോൺക്രീറ്റ് എന്നിവ അടർന്നു വീണ നിലയിലാണ് എന്ന് കാണുന്നു. താഴത്തെ നിലയിലുള്ള മുറികളിലെല്ലാം കച്ചവടം ഇപ്പോഴും നടന്നുവരുന്നുണ്ട്. വില്യാപ്പള്ളി ടൗണിൽ നിന്നും ടാക്സി സ്റ്റാന്റിലേക്കുള്ള വഴി ഈ കെട്ടിടത്തിനിടയിലൂടെയാണ്. ഈ കെട്ടിടം നിലവിൽ പൊതുജനങ്ങൾക്ക് ഭീഷണിയായാണ് നിലകൊള്ളുന്നത്. പഞ്ചായത്ത് അധീനതയിലുള്ള ആസ്തികൾ യഥാസമയം പുനരുദ്ധാരണത്തിന് വിധേയമാക്കാത്തതാണ് ഈ അവസ്ഥക്ക് കാരണമായത്. മേൽ കെട്ടിട പുനരുദ്ധാരണത്തിന് പഞ്ചായത്ത് നിലവിൽ കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കേണ്ടതാണ്.

## 1-23 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു.സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്.അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവർത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ,ടെണ്ടർ നിരക്ക് | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | മനോജൻ സ്മാരക അംഗൻവാടി കെട്ടിടം പൂർത്തീകരണം (169/19) | 300,000 | ടി.ടി.വി.മൊയ്തു,എസ്റ്റിമേറ്റ് നിരക്ക് | 6/18-01-2018, 255,732/- |
| 2 | ചല്ലിവയൽ കണ്ണമ്പത്ത് റോഡ് റീ ടാറിംഗ്(135/19) | 270,000 | തൃക്കോട്ടൂർ ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റി | 31/26-03-2019, 269,628/- |
| 3 | യത്തീംഖാന കൊറ്റ്യാംവള്ളി മുളിയേരിമുക്ക് റോഡ് (202/19) | 500,000 | തൃക്കോട്ടൂർ ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റി | 31/26-03-2019 |

**ഈടാക്കേണ്ട പിഴയുടെ വിശദാംശം:**

| | പ്രവൃത്തി | കരാർ തുക കരാർ തിയ്യതി, | പൂർത്തീകരിക്കേണ്ട കാലയളവ് തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ25%* തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 1 | മനോജൻ സ്മാരക അംഗൻവാടി കെട്ടിടം പൂർത്തീകരണം | 300,000/- (06-03-2017) | 180ദിവസം (03-9-2017) | 23-03-2018 (201 ദിവസം) | 3000(45ദിവസം) | 156ദിവസം/45=346) 6000x3.46=20, 760/- | 23,760/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ചല്ലിവയൽ കണ്ണമ്പത്ത് റോഡ് റീ ടാറിംഗ് | 270,000/- (28-02-2018) | 180ദിവസം (27-8-2018) | 28-02-2019 (185 ദിവസം) | 2700(45 ദിവസം) | 140ദിവസം/45 =346) 5400x3.11= 16,794/- | 19,494/- |
| 3 | യത്തീംഖാന കൊറ്റ്യാംവള്ളി മുളിയേരിമുക്ക് റോഡ് | 500,000/- (08-03-2018) | 180ദിവസം (04-09-2018) | 27-12-2018 (114 ദിവസം) | 5000(45 ദിവസം) | (69ദിവസം/45= 1.53) 10000x1.53 =15300/- | 20,300/- |
| | | | | | | | 63,554/- |

ടെണ്ടർ ചെയ്തു, കരാറുകാരനെ പ്രവർത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെട്ടുകയുണ്ടായില്ല. ഇത് ഗ്രാമ പഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 63554/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം പഞ്ചായത്തിനു നഷ്ടം സംഭവിച്ചു

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ ചില പ്രവൃത്തികൾക്ക് ടെണ്ടർ സ്വീകരിച്ചതും കരാർ വച്ചതും 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16%നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത് .എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 38.1% ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി ടെണ്ടർ നടത്തി ഏല്പിച്ചു കൊടുക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.06 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും, പ്രവൃത്തികളുടെ കാര്യത്തിൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. ഓഡിറ്റ് വർഷത്തിൽ അധികച്ചെലവുണ്ടായ പ്രവൃത്തികൾ താഴെ കാണിക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാർ തീയതി | തുക,ബിൽ നം തീയതി | നൽകിയ തുക(ബിറ്റുമിൻ ഇനം ഒഴികെ) (42.16% നിരക്കിൽ) |
|---|---|---|---|---|
| 1 | 116/19 മണിയച്ചാലിൽ കഞ്ഞിപ്പുര മുക്ക് റോഡ് | 6-3-2018 | 400,000/- (8/21-08-2018) | 306,367/- (ഇനം 4,5,6,7 ഒഴികെ) |
| 2 | 141/19കണിയ കണ്ടി നടുക്കനി ത്താഴ റോഡ് | 28-02-2018 | 400,000/- (4/26-03-2019) | 242,213/- |
| 3 | 135/19 | 28-02-2018 | 269,628/-(31/26-03-2019) | 126,240/- (ഇനം 2,3,4, ഒഴികെ) |

| | | | | |
|---|---|---|---|---|
| | ചല്ലിവയൽ കണ്ണമ്പത്ത് റോഡ് റീ ടാറിംഗ് | | | |
| 4 | 121/19 പുത്തലത്ത് പൊയിൽ മീത്തൽ നടപ്പാത | 30-1-2018 | 328,875/-<br>(5/14-08-2018) | 328,875/- |
| 5 | 119/19 മനത്താനത്ത് താഴ കൊടക്കാട്ട് താഴ റോഡ് | 8-3-2018 | 429,564/-<br>(22/22-03-2019) | 310,912/-<br>(ഇനം 4,5,6,7 ഒഴികെ) |

അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

# 1-25 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മൂന്ന തവണ 25-10-2018, 21-11-2018, 1-12-2018 എന്നീ ദിവസങ്ങളിലാണ് മീറ്റിംഗ് ചേർന്നത്. 01-12-2018ന ശേഷം 04-01-2020ന മാത്രമാണ് യോഗം ചേർന്നത്. മൂന്ന തവണ മീറ്റിംഗ് കൂടിയതിൽ 2018-19 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല.പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം.13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്,വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്,ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്,വർഷം,ചെലവഴിച്ച തുക,ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമ പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-26 ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 46 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളുടെ എണ്ണം 96 ആണ്. ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 3.55 കോടി രൂപയിൽ 1.28 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്ടുകളിൽ 36 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ ഇത് 16 എണ്ണം വരുന്നുണ്ട്.വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 2.27 കോടി രൂപയിൽ 12.76ലക്ഷം രൂപ വികസനഫണ്ട്(പൊതുവിഭാഗം),ധനകാര്യ കമ്മീഷൻ ഗ്രാന്റ് (39.29 ലക്ഷം), മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (42.98ലക്ഷം) മെയിന്റനൻസ് ഗ്രാന്റ് റോഡ് (66.15ലക്ഷം) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ1.61കോടി രൂപയുടെ നഷ്ടം കണക്കാക്കിയത് തൻവർഷ അലോട്ട് മെന്റിനൊപ്പം സ്പിൽ ഓവർ ബാധ്യത നിറവേറ്റുന്നതിന് ആവശ്യാനുസരണം സർക്കാർ അനുവദിക്കുന്നതുകകൂടി പരിഗണിച്ചാണ്.ഇങ്ങനെ 1.61കോടി രൂപ നഷ്ടപ്പെടുത്തിയതിൽ പ്രധാനപങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണവീഴ്ചയാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ് , നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന്

രേഖകൾ വ്യക്തമാക്കുന്നു.1.61കോടി രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയതിൽ യാതൊരു ചെലവുമില്ലാത്ത 36 പ്രൊജക്ടുകളുണ്ട്. അവയുടെ വിശദാംശം ചുവടെ:

| | പ്രൊജക്ട് നമ്പർ | വികസനഫണ്ട് (പൊതുവിഭാഗം) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
|---|---|---|---|---|---|
| 1 | 6/19 | 400,000 | 300,000 | | |
| 2 | 8/19 | | 200,000 | | |
| 3 | 9/19 | | | 10,00,000 | |
| 4 | 13/19 | | | 700,000 | |
| 5 | 15/19 | | | 400,000 | |
| 6 | 17/19 | | | 400,000 | |
| 7 | 18/19 | | | 500,000 | |
| 8 | 20/19 | | | 400,000 | |
| 9 | 21/19 | | | 300,000 | |
| 10 | 22/19 | | | 200,000 | |
| 11 | 23/19 | | | 546,000 | |
| 12 | 26/19 | 400,000 | | | |
| 13 | 27/19 | | | | 511,000 |
| 14 | 29/19 | | | | 200,000 |
| 15 | 30/19 | | | | 60,000 |
| 16 | 64/19 | | | | 510,000 |
| 17 | 80/19 | | 992,950 | | |
| 18 | 82/19 | | 1200,000 | | |
| 19 | 84/19 | | 600,000 | | |
| 20 | 85/19 | | | | 200,000 |
| 21 | 92/19 | | 250,000 | | |
| 22 | 94/19 | | | | 200,000 |
| 23 | 98/19 | 63,000 | 57,000 | | |
| 24 | 129/19 | | | 500,000 | |
| 25 | 131/19 | | | 800,000 | |
| 26 | 133/19 | | | 60,000 | |
| 27 | 137/19 | | | 100,000 | |
| 28 | 139/19 | | | | 300,000 |
| 29 | 143/19 | | | | 228,000 |
| 30 | 144/19 | | | | 570,000 |
| 31 | 149/19 | | | | 444,000 |
| 32 | 170/19 | | | | 700,000 |
| 33 | 172/19 | | | | 25000 |

| | | | | | |
|---|---|---|---|---|---|
| 34 | 173/19 | | | | 275,000 |
| 35 | 189/19 | | 200,000 | | |
| 36 | 190/19 | | | 400,000 | |

പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ വന്ന കാലതാമസം തുക നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം ,കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണപുരോഗതിയ്ക്ക് തടസ്സമായി. പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തികവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല. രണ്ട് പ്രാവശ്യം കരാറുകാരുടെ യോഗം ചേരുന്നതിന് തീരുമാനം കൈക്കൊണ്ടെങ്കിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി.പി.സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞ തരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

# 1-27 അമൃതം ന്യൂട്രിമിക്സ് -പരിശോധിച്ച ലാബ് റിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയി ട്ടില്ല.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ സി ഡി എസ് ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധനാഫലം ലഭ്യമാക്കിയിട്ടില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്

# 1-28 വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത് . മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു.ഇവയിൽ പ്രധാനപ്പെട്ടതും

സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

4.മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

6.വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്റ്റുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്റ്റ് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു.ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്.മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്.

അപാകതകൾ പരിഹരിക്കുന്നതിനും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുമായി എൽ എസ് ജി ഡി ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഫലവും റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതുമാണ്.

# 1-29 വാഴക്കന്ന് വിതരണം:അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ
പ്രൊജക്റ്റ് : വാഴക്കന്നു വിതരണം
പ്രൊജക്റ്റ് നംപർ : 11/19
ബിൽ നംപർ,തുക : 2/17-1-2019, 81,600/-
: 6/21-03-2019, 130,860/-

മേൽ പ്രൊജക്റ്റ് പ്രകാരം 1400 വാഴക്കന്ന് 740 പേർക്ക് വിതരണം നടത്താനാണ് വിഭാവനം ചെയ്തത്. ബിൽ 2 പ്രകാരം വാഴക്കന്ന് ഒന്നിന് 16 രൂപ നിരക്കിൽ 5100 വാഴക്കന്നും ബിൽ 6 പ്രകാരം വാഴക്കന്ന് ഒന്നിന് 18 രൂപ നിരക്കിൽ 7270 വാഴക്കന്നും വാങ്ങിയിട്ടുണ്ട്. ഇത് 691പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ എത്രയെണ്ണം കൈപ്പറ്റിയെന്ന് കാണിക്കാത്ത ഇവരുടെ ഒപ്പ് മാത്രമുള്ള വിതരണ രേഖയാണ് ഓഡിറ്റിന് ഹാജരാക്കിയത്. വാഴക്കന്നു വിതരണ പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം 206 ആണ്. 7270 വാഴക്കന്നുകളിൽ 206 ഗുണഭോക്താക്കൾക്ക് 20 എണ്ണം വീതം ആകെ വിതരണം നടത്തിയ 4120 എണ്ണം വാഴക്കന്നുകൾ ഒഴിച്ച് 3150 വാഴക്കന്നുകൾ വാങ്ങിക്കാനുണ്ടായ സാഹചര്യവും ഗുണഭോക്താക്കൾ

എത്രയെണ്ണം കൈപ്പറ്റിയെന്ന് കൃത്യമായി കാണിക്കാതെ വാഴക്കന്നുകൾ നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-30 മേമുണ്ട സാംസ്കാരിക നിലയം ലൈബ്രറി പുസ്തകങ്ങളുടെ സൂക്ഷിപ്പിലെ അപാകതകൾ

3951 പുസ്തകങ്ങളാണ് മേമുണ്ട സാംസ്കാരിക നിലയത്തിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിലുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാംസ്കാരിക നിലയം ലൈബ്രറിയിലെ പുസ്തകങ്ങളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1). 21.1.2020 വരെ വിവിധ തിയ്യതികളിലായി വിതരണം ചെയ്ത പുസ്തകങ്ങളിൽ 89 പുസ്തകങ്ങൾ തിരികെ ലഭിക്കുവാനുണ്ട്.

2). പുസ്തകങ്ങൾ വിതരണം നടത്തുമ്പോൾ ലൈബ്രറി മെമ്പർഷിപ്പ് ഫീ, മാസവരിസംഖ്യ എന്നിവ ഈടാക്കുന്നില്ല.പുസ്തകങ്ങൾ 10 ദിവസത്തേക്ക് കൈവശം വെയ്ക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത്.പുസ്തകങ്ങൾ വൈകി ലഭിക്കുന്ന വേളയിൽ ഫൈൻ ഈടാക്കുന്നില്ല.

3). 2016-2017 സാമ്പത്തിക വർഷത്തിലാണ് അവസാനമായി പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത്.

അപാകതകൾക്ക് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 അംഗീകരിച്ച ഒബ്സർവേഷൻ ഡാറ്റയിൽ കൂടുതൽ കരാറുകാരന് നൽകി

| | |
|---|---|
| പ്രവൃത്തി | ലോകനാർ കാവിൽ കുട്ടോത്ത് റോഡ് നവീകരണം |
| പ്രൊജക്ട് നമ്പർ | 134/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രവർത്തി മൂല്യം | 941,363/- |
| ബിൽ നമ്പർ,തുക | 35/25-03-2019, 360,683 /-<br>(2017-18ൽ 580,680/-രൂപ പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്.) |
| കരാറുകാരൻ | തൃക്കോട്ടൂർ ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റി |

മേൽ പ്രൊജക്ടിൽ ഇനം 2 ആയി ഒബ്സർവ്ഡ് ഡാറ്റ നമ്പർ147356/2017-18പ്രകാരമുള്ള ഗ്രാനുലാർ സബ് വേസ്(Granular sub-base/base/surface course with scarified materials by mix in place method normal.Constuction of granular sub-base by providing scarified material spreading in uniform layers with motor grader on prepared surface,mixing by mix in place with rotovator at once and compacting with smooth wheel roller to achive the desired density complete as per Clause 401.4 as per Technical Specification Clause 408.(ii)Using Gravel mix soil.)എന്ന ഇനം 7.875 $m^3$ ചെയ്തതിന് 2000/$m^3$ നിരക്കിൽ 15750/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനത്തിന് $m^3$ ന് 154.92 രൂപയാണെന്ന് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഒബ്സർവേഷൻ ഡാറ്റ 147356/2017-18 പ്രകാരം നൽകാവുന്നത്. ഇതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 7.650$m^3$ പ്രവൃത്തിക്ക് $m^3$ന് 154.92/-രൂപ നിരക്കിൽ 1185.14/- രൂപയാണ് കാണിച്ചിട്ടുള്ളത്. ഇത് പ്രകാരം 7.875 $m^3$ പ്രവൃത്തി ചെയ്തതിന് 154.92 രൂപ നിരക്കിൽ 1220/-രൂപയാണ് നൽകേണ്ടിയിരുന്നതെങ്കിലും 15750/-രൂപയാണ് കരാറുകാരന് നൽകിയത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/30.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. 14530/- രൂപ അധികമായി കരാറുകാരന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-32 വിവിധ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൻമേൽ

# തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസം

പഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ ലഭ്യമായ വിവിധ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകൾ ,അപേക്ഷാരജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ ചിലതിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം വന്നതായും, ചിലതിൽ തീരുമാനം കൈക്കൊണ്ടതായും കാണുന്നില്ല. വാർദ്ധക്യകാല പെൻഷനുകൾക്കുള്ള അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ 10.10.17 ന് അപേക്ഷ സമർപ്പിച്ചിട്ടുള്ള പാത്തു,താഴെ തയ്യുള്ളതിൽ, വില്യാപ്പള്ളി എന്ന ഗുണഭോക്താവിന്റെ അപേക്ഷയിൻ മേൽ നാളിതുവരെ തീരുമാനം കൈകൊണ്ടിട്ടില്ല. അതേ പോലെ 5.12.17 ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള മൊയ്തു s/oഅമ്മത് നടുക്കണ്ടിയിൽ എന്നവരുടെയും 10.7.18 ന് അപേക്ഷിട്ടുള്ള ദാമോദരൻ മാവുള്ള പറമ്പത്ത് എന്നവരുടെയും അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല. വിധവാപെൻഷൻ അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ 4.4.19 ന് അപേക്ഷിച്ച കുഞ്ഞാമി തുണ്ടിയിൽ, ആയിഷ ചെമ്മാണിക്കൽ എന്നവരുടെ അപേക്ഷകളിൻമേൽ നാളിതുവരെ തീരുമാനം കൈകൊണ്ട് കാണുന്നില്ല. 11.6.18, 7.2.19 എന്നീ തിയ്യതികളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ദീപ.കെ കല്ലുമ്മൽ, വിമല തയ്യുള്ള പറമ്പത്ത് എന്നിവരുടെ അപേക്ഷകളിൻമേലും തീരുമാനം കൈക്കൊണ്ടിട്ടില്ല. കർഷകത്തൊഴിലാളി പെൻഷനുകൾക്ക് 3.7.19 ന് ശേഷം അപേക്ഷ സമർപ്പിച്ചിട്ടുള്ള ആരുടെയും അപേക്ഷകളിൻമേൽ തീരുമാനം കൈകൊണ്ടിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-33 ഹരിതം വില്ല്യാപ്പള്ളി -അജൈവ മാലിന്യ നിർമ്മാർജ്ജനം -അനുകരണീയ മാതൃക

നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്ര യജ്ഞമാണ് ഹരിതകേരളം മിഷനിലൂടെ വിഭാവനം ചെയ്യുന്നത്. 2016 ഡിസംബറിൽ സംസ്ഥാന സർക്കാർ ഹരിതകേരളം മിഷന് തുടക്കം കുറിച്ചു. കേരളത്തിന്റെ സവിശേഷതകളായ വൃത്തിയും ജലത്തിന്റെ സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. ഹരിത കേരളം മിഷന്റെ പൊതുലക്ഷ്യങ്ങളിൽപ്പെട്ട, ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുക എന്നതിന്റെ, മേഖലാടിസ്ഥാനത്തിലുള്ള ഉപദൌത്യങ്ങളിൽ, പ്രധാന ദൌത്യങ്ങളിലൊന്നാണ് സങ്കീർണ്ണമായ മാലിന്യപരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാദ്ധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുക എന്നത്.

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ഹരിതകേരളം പദ്ധതിയുടെ ഭാഗമായി 2018-19 വർഷത്തിൽ ഈ മേഖലയിലേയ്ക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര്, നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | വില്ല്യാപ്പള്ളി ടൌണിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ | 663000 | 0 |
| 2 | മാലിന്യ നിർമാർജനം 200/18-19 | 300000 | 300000 |
| 3 | പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കൽ(വി.ജി.എഫ്) 178/18-19 | 1737000 | 1022975 |
| 4 | എം.സി.എഫ് ബിൽഡിംഗ് നിർമ്മാണം | 1100000 | 0 |

## ശുചിത്വ മാലിന്യ സംസ്കരണം

മേൽ പ്രോജക്ടുകളിൽ 178/18-19 നംപരായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ നടത്തിയിട്ടുള്ള **പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കൽ(വി.ജി.എഫ്)** പദ്ധതി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി മാതൃകയാക്കാവുന്നതാണ്.

പദ്ധതിയുടെ ഭാഗമായി അജൈവ മാലിന്യ ശേഖരണത്തിനായി ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലേയ്ക്ക് 19 അംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന രൂപീകരിക്കുകയും 2018 മെയ് മുതൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. ഇതിലേയ്ക്കായി വീടൊന്നിന് 30/- രൂപ നിരക്കിൽ യൂസർഫീ ഈടാക്കി പ്രസ്തുത തുക വില്ല്യാപ്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൌണ്ടിൽ(എക്കൌണ്ട് നം-1822) നിക്ഷേപിക്കുകയും ചെയ്യുന്നു. ഈ തുകയിൽ നിന്നും 300/- രൂപ നിരക്കിൽ കർമ്മ സേനാംഗങ്ങൾക്ക് വേതനം നൽകി വരുന്നു. വിവിധ വാർഡുകളിൽ നിന്നും ഹരിത കർമ്മസേന പ്രതിമാസം അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ, വില്ല്യാപ്പള്ളി ടൌണിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കമ്മ്യൂണിറ്റി ഹാളിന്റെ ഒരു ഭാഗത്തായി ഒരുക്കിയിട്ടുള്ള താല്ക്കാലിക ശേഖരണസ്ഥാനത്ത് എത്തിച്ചു, തരം തിരിക്കുകയും, വില്പന നടത്താൻ കഴിയുന്ന തരത്തിലുള്ള അജൈവ മാലിന്യങ്ങൾ(കുപ്പിച്ചില്ല്, കുപ്പികൾ, പ്ലാസ്റ്റിക് കുപ്പികൾ മുതലായവ) വില്പന നടത്തുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ 2018-19 സാമ്പത്തിക വർഷം 67088/-രൂപ വരവ് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന തുക വിൽക്കാൻ കഴിയാതെ ബാക്കി വരുന്ന മാലിന്യങ്ങൾ കയറ്റി അയയ്ക്കുന്നതിനുള്ള ചെലവിലേയ്ക്ക് ഉപയോഗിച്ചു വരുന്നു. തൻവർഷം 353845/- രൂപ മാലിന്യം കയറ്റി അയയ്ക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. കയറ്റി അയയ്ക്കപ്പെടേണ്ടതോ വില്പനയ്ക്കുള്ളതോ ആയ അജൈവ മാലിന്യങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിനും, എം.സി.എഫ് പോലെയുള്ള സംവിധാനങ്ങൾ ഇല്ലാത്തതിനാൽ, കൂടുതൽ അളവിൽ കയറ്റി അയയ്ക്കുന്നതിനും സാധിക്കാതെ വരുന്നു. ടൗണിന്റെ ഹൃദയഭാഗത്ത് ഒരുക്കിയിട്ടുള്ള ശേഖരണ സ്ഥാനം ആരോഗ്യപരമായ യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നില്ല എന്നത് മറ്റ് മാലിന്യസംസ്കരണ കേന്ദ്രങ്ങളിൽ നിന്നും ഇതിനെ വ്യത്യസ്തമാക്കുന്നു.

2018-19 പദ്ധതിയിൽ അജൈവ മാലിന്യ ശേഖരണത്തിന് എം.സി.എഫ് ബിൽഡിംഗ് നിർമ്മാണത്തിന് 11 ലക്ഷം രൂപയും, വില്യാപ്പള്ളി ടൗണിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനായി 6.63 ലക്ഷം രൂപയും ഫണ്ട് വകയിരുത്തിയിരുന്നു. എന്നാൽ പഞ്ചായത്ത് കേന്ദ്രീകരിച്ച്, മംഗലോറ മലയിൽ എം.സി.എഫ് നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. മറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

ബ്ലോക്ക് തലത്തിലോ പഞ്ചായത്ത് തലത്തിലോ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റില്ലാത്തത് മാലിന്യ സംസ്കരണ മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിന് പഞ്ചായത്തിന് കഴിയാതെ വരുന്നു. ഈ സാഹചര്യത്തിലും ഗ്രാമപഞ്ചായത്തിൽ അജൈവ മാലിന്യ ശേഖരണം മെച്ചപ്പെട്ട രീതിയിൽ നടക്കുകയും താല്ക്കാലിക ശേഖരണ സ്ഥാനത്ത് വില്പനയ്ക്കായി തരംതിരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഷ്രെഡിംഗ് യൂണിറ്റ്, എം.സി.എഫ് കേന്ദ്രം എന്നീ സൌകര്യങ്ങൾ കൂടി ഒരുക്കി നൽകിയാൽ പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൌകര്യമൊരുക്കുക എന്ന പദ്ധതി മാർഗ്ഗരേഖാ ലക്ഷ്യം കൈവരിക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിൽത്തന്നെ അജൈവ മാലിന്യ സംസ്കരണം സാദ്ധ്യമാക്കുന്നതിനും കഴിയുന്നതാണ്. ആയതിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ജൈവമാലിന്യ സംസ്കരണം

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങളിൽ, ജൈവ മാലിന്യ സംസ്കരണത്തിന് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെടുകയോ നഗരവല്കൃത പഞ്ചായത്ത് എന്ന നിലയിൽ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യ സംസ്കരണത്തിന് അർഹമായ പ്രാധാന്യം നൽകുകയോ ചെയ്തിട്ടില്ല എന്നു കാണുന്നു. 2018-19 വർഷം പദ്ധതികൾ ആവിഷ്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ജൈവമാലിന്യങ്ങളെ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

അതേസമയം സമൂഹത്തിലെ വിവിധ തുറകളിലുള്ള എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രമിച്ചിട്ടുണ്ട്. ഇതിനായി ആരോഗ്യ ജാഗ്രതാ പ്രവർത്തനത്തിന്റെ ഭാഗമാക്കി, വാർഡ് തല സ്ക്വാഡ് പ്രവർത്തനങ്ങളും, ടൌൺ ശുചീകരണം, സ്കൂളുകളുടെ ശുചീകരണം എന്നിവ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ്തല സാനിറ്റേഷൻ കമ്മിറ്റിക്ക് കീഴിൽ വിവിധ വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

### ജലസംരക്ഷണം

ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറയ്ക്ക് കൂടി ഉറപ്പാക്കുന്നതിലേയ്ക്ക് നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കേണ്ടതുണ്ട്.

എന്നാൽ 2018-19 സാമ്പത്തിക വർഷം ജലസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് പ്രാധാന്യം നൽകുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. തുറസ്സായ പൊതുകിണറുകൾ, ജലാശയങ്ങൾ മുതലായവയുടെ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജലസംരക്ഷണം ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടു പോകുന്നതിനും ജൈവ മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും അർഹമായ പ്രാധാന്യം നൽകുന്നതിനും ആയതിലൂടെ ഹരിതകേരളം മിഷൻ ലക്ഷ്യത്തിലെത്തിക്കുന്നതിനും ഭരണ സമിതിയുടേയും മറ്റ് പ്രവർത്തന സമിതികളുടേയും പ്രത്യേക ശ്രദ്ധ അനിവാര്യമാണ്.

## 1-34 ലൈഫ് ഭവനപദ്ധതി -അവലോകനം

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ലക്ഷ്യം.ഭൂമിയുള്ള ഭവന രഹിതർ,ഭൂമിയില്ലാത്ത ഭവന രഹിതർ,ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ,പുറമ്പോക്കിലോ,തീര ദേശ മേഖലയിലോ,തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് ലൈഫ് ഭവന പദ്ധതി സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്.പദ്ധതിയുടെ നടത്തിപ്പിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനും, ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സഹ അദ്ധ്യക്ഷനുമായ സംസ്ഥാനതല പാർപ്പിടമിഷൻ രൂപീകരിച്ചിട്ടുണ്ട്. 3 ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് ലൈഫ് വിഭാവനം ചെയ്തിരിക്കുന്നത്.

2017-18 സാമ്പത്തിക വർഷത്തിലാണ് ലൈഫ് ഭവനപദ്ധതി പ്രോജക്ട് വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത്.പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം(ജനറൽ),പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം(എസ്സ്.സി ) എന്നീ 2 പ്രോജക്ടുകളിലുമായി 12 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്(10ജനറൽ+2എസ്സ്.സി). 2017-18 വർഷം 9 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി(7ജനറൽ+2എസ്സ്.സി). വിവിധ ഭവനപദ്ധതികളിലായി മുന്നേ അനുവദിച്ച തുകയുടെ ബാക്കി തുക 4 ലക്ഷത്തിന്റെ ആനുപാതികമായി കണക്കാക്കിയാണ് വിതരണം ചെയ്തത്.(ബേസ് റേറ്റ് -3 ലക്ഷം).

2017-18 ൽ വീട് പണി പൂർത്തിയാക്കാത്ത 3 ആളുകളും സ്പിൽ ഓവറായി ഉൾപ്പെടുത്തിയ "ലൈഫ് ഭവന പദ്ധതി പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം" പ്രോജക്ട് നം-99/18-19 പ്രകാരം (3 ജനറൽ) 2018-19 വർഷത്തിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചു.2018-19 വർഷത്തിൽ ലൈഫ് രണ്ടാം ഘട്ടത്തിൽ പ്രോജക്ട് നം-61/18-19 പ്രകാരം "ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് " എന്ന പ്രോജക്ട് വഴി 26 ഗുണഭോക്താക്കളെ(26 ജനറൽ) കണ്ടെത്തി ഭവനനിർമ്മാണത്തിന് പരിഗണിച്ചു.9 പേർ 2018-19 വർഷം ഭവനനിർമ്മാണം പൂർത്തീകരിച്ചു.അവശേഷിക്കുന്ന 17 പേർ 2019-20 വർഷത്തിലാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയത്.

2018-19 സാമ്പത്തിക വർഷത്തിൽ പുതുതായി ജനറൽ വിഭാഗത്തിൽ 26 പേരെയാണ് ഭവനനിർമ്മാണത്തിന് പരിഗണിച്ചത്.ലൈഫ് മിഷൻ ഗ്രാമപഞ്ചായത്തിൽ സർവ്വേ നടത്തിയ ലിസ്റ്റ് അനുസരിച്ച് ഗ്രാമസഭ,ഭരണ സമിതി എന്നിവ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റാണ് പരിഗണിച്ചത്.ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതി ഗുണഭേക്താക്കൾ- 12 കുടുംബങ്ങൾ(10 ജനറൽ+2എസ്സ്.സി)

2017-18 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചവർ- 9 കുടുംബങ്ങൾ(7 ജനറൽ+2എസ്സ്.സി)

2018-19 സാമ്പത്തിക വർഷത്തിലേക്ക് വീട് പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള 3 ഗുണഭോക്താക്കളെയും പരിഗണിച്ചു.

2018-19 വീട് പണി പൂർത്തീകരിച്ചവർ-3 കുടുംബങ്ങൾ

2017-18 വർഷത്തിൽ തുക ലഭ്യമായ മുഴവൻ ആളുകളും 2018-19 ൽ വീട് പണി പൂർത്തീകരിച്ചു.

ഫേസ്-2

2018-19 വർഷത്തിലെ പുതിയ ഗുണഭോക്താക്കൾ -26കുടുംബങ്ങൾ (26 ജനറൽ)

മേൽ ഗുണഭോക്താക്കളിൽ 2018-19 വർഷം പണി പൂർത്തീകരിച്ചവർ-9 പേർ

2019 മാർച്ച്-31 ൽ പണി പൂർത്തീകരിക്കാൻ ബാക്കിയുള്ളവർ-17 പേർ(17 ജനറൽ )

2018-19 വർഷത്തെ 17 ഗുണഭോക്താക്കളിൽ മുഴവൻ ആളുകളും പേര് (ജനറൽ-17) 2019-20 വർഷത്തിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചു.

2017-18,2018-19 വർഷങ്ങളിലായി ലൈഫ് ഭവന പദ്ധതിക്ക് (ലൈഫ് ഭവനപദ്ധതി എസ്സ്.സി,ലൈഫ് ലൈഫ് ഭവനപദ്ധതി ജനറൽ ) എന്നീ ഇനങ്ങളിലായി ആകെ 25260000/- രൂപ വകയിരുത്തിയതിൽ 9780000 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 1-35 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സാമ്പത്തിക വർഷം വരെ 3469 കുടുംബങ്ങളിൽ നിന്നായി 3915 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 1735 കുടുംബങ്ങളിൽ നിന്നായി 1828 പേർ തൊഴിലിനായി അപേക്ഷിക്കുകയും 1596 കുടുംബങ്ങളിൽ നിന്നായി 1677 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 596 പ്രവൃത്തികൾക്കായി 2,66,60,000 രൂപ വകയിരുത്തയതിൽ 139 പ്രവൃത്തികളിലായി 2,33,33,753 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിലൂടെ 70367 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 1,94,00,762 രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 140കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവൃത്തികളാണ്. 2018-19 വർഷം 26 മെറ്റീരിയൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി 39,32,991 രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷത്തിലാണ് ആയതിനുള്ള ചെലവ് വന്നിരിക്കുന്നത്. പദ്ധതിക്കായുള്ള സാമ്പത്തികവർഷത്തെ മൊത്തം ചെലവ് 2,38,64,481 രൂപയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരുദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ച നൽകാമെന്ന പറയുന്നു. സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവർത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ,ടെണ്ടർ നിരക്ക് | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | മനോജൻ സ്മാരക അംഗൻവാടി കെട്ടിടം പൂർത്തീകരണം (169/19) | 300,000 | ടി.ടി.വി.മൊയ്തു,എസ്റ്റിമേറ്റ് നിരക്ക് | 6/18-01-2018, 255,732/- |
| 2 | ചല്ലിവയൽ കണ്ണമ്പത്ത് റോഡ് റീ ടാറിംഗ്(135/19) | 270,000 | തൃക്കോട്ടൂർ ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ് സൊസൈറ്റി | 31/26-03-2019, 269,628/- |
| 3 | യത്തീംഖാന കൊറ്റ്യാംവള്ളി മുളിയേരിമുക്ക് റോഡ് (202/19) | 500,000 | തൃക്കോട്ടൂർ ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ് സൊസൈറ്റി | 31/26-03-2019 |

**ഈടാക്കേണ്ട പിഴയുടെ വിശദാംശം:**

| | പ്രവൃത്തി | കരാർതുക കരാർ തിയ്യതി, | പൂർത്തീകരിക്കേണ്ട കാലയളവ് തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ25%* തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 1 | മനോജൻ സ്മാരക അംഗൻവാടി കെട്ടിടം പൂർത്തീകരണം | 300,000/- (06-03-2017) | 180ദിവസം (03-9-2017) | 23-03-2018 (201 ദിവസം) | 3000(45 ദിവസം) | 156ദിവസം /45=346) 6000x3.46 =20,760/- | 23,760/- |
| 2 | ചല്ലിവയൽ കണ്ണമ്പത്ത് റോഡ് റീ ടാറിംഗ് | 270,000/- (28-02-2018) | 180ദിവസം (27-8-2018) | 28-02-2019 (185 ദിവസം) | 2700(45 ദിവസം) | 140ദിവസം /45=346) 5400x3.11 =16,794/- | 19,494/- |
| 3 | യത്തീംഖാന കൊറ്റ്യാംവള്ളി മുളിയരിമുക്ക് റോഡ് | 500,000/- (08-03-2018) | 180ദിവസം (04-09-2018) | 27-12-2018 (114 ദിവസം) | 5000(45 ദിവസം) | (69ദിവസം /45=1.53) 10000x1.53 =15300/- | 20,300/- |
| | | | | | | | 63,554/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവർത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമ പഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു.ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 63554/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 അംഗീകരിച്ച ഒബ്സർവേഷൻ ഡാറ്റയിൽ കൂടുതൽ കരാറുകാരന് നൽകി

| | |
|---|---|
| പ്രവൃത്തി | ലോകനാർ കാവിൽ കുട്ടോത്ത് റോഡ് നവീകരണം |
| പ്രൊജക്ട് നമ്പർ | 134/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രവർത്തി മൂല്യം | 941,363/- |

| | |
|---|---|
| ബിൽ നമ്പർ,തുക | 35/25-03-2019, 360,683 /-<br>(2017-18ൽ 580,680/-രൂപ പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്.) |
| കരാറുകാരൻ | തൃക്കോട്ടൂർ ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ് സൊസൈറ്റി |

മേൽ പ്രൊജക്ടിൽ ഇനം 2 ആയി ഒബ്സർവ്ഡ് ഡാറ്റ നമ്പർ147356/2017-18പ്രകാരമുള്ള ഗ്രാനുലാർ സബ് ബേസ്(Granular sub-base/base/surface course with scarified materials by mix in place method normal.Constuction of granular sub-base by providing scarified material spreading in uniform layers with motor grader on prepared surface,mixing by mix in place with rotovator at once and compacting with smooth wheel roller to achive the desired density complete as per Clause 401.4 as per Technical Specification Clause 408. (ii)Using Gravel mix soil.)എന്ന ഇനം 7.875 $m^3$ ചെയ്തതിന് 2000/$m^3$ നിരക്കിൽ 15750/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനത്തിന് $m^3$ ന് 154.92 രൂപയാണെന്ന് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഒബ്സർവേഷൻ ഡാറ്റ 147356/2017-18 പ്രകാരം നൽകാവുന്നത്. ഇതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 7.650$m^3$ പ്രവൃത്തിക്ക് $m^3$ന് 154.92/-രൂപ നിരക്കിൽ 1185.14/- രൂപയാണ് കാണിച്ചിട്ടുള്ളത്. ഇത് പ്രകാരം 7.875 $m^3$ പ്രവൃത്തി ചെയ്തതിന് 154.92 രൂപ നിരക്കിൽ 1220/-രൂപയാണ് നൽകേണ്ടിയിരുന്നതെങ്കിലും 15750/- രൂപയാണ് കരാറുകാരന് നൽകിയത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/30.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. 14530/- രൂപ അധികമായി കരാറുകാരന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16.08.2018-17.08.2018 | കെ.എസ്.എ.കെ.കെ.ഡി/ ഇ2/887/2019(70)തിയ്യതി-20.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 325000 | 60/18-19 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 324851 | 149 |
| | 2018-19 | 250000 | 41/18-19. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 245400 | 4600 |
| | 2018-19 | 780000 | 61/18-19 ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 78000 | 0 |
| സെക്രട്ടറി ജില്ലാപഞ്ചായത്ത് | 2018-19 | 450000 | 74/18-19 കിണർ റീചാർജിംഗ് | 0 | 450000 |
| | 2018-19 | 389341 | 61/18-19 ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 377000 | 12341 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4314284/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ(എം.എസ്) 68/2018/ തസ്വഭവ തി.24.03.2018 | 4312484 | 4312484 | -- | --- | 4312484 |

•

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 125/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-17 | 125 | ശ്രീമതി പി. സനിഷ | 118010100179 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14 | 2003-04 | പൊതു പരാമർശം | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെടുന്നില്ല. | നിലനിൽക്കുന്നു |
| 1999-2000 | 16 | 2003-04 | പൊതു പരാമർശം | കളിമൺ പാത്ര നിർമ്മാണ യൂണിറ്റ് | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 1999-2000 | 2-1 | 2005-06 | പൊതു പരാമർശം | തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരവ് – കാലഹരണപ്പെട്ട തുകകളുടെ വിവരം | എൽ.എഫ്.എ. സി 2014-16(51) ഖ 38 പ്രകാരം തുക തിരികെ തിരികെ ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെട്ടുത്തുന്ന മുറയ്ക്ക് ഒഴിവാക്കാൻ ശുപാർശ |
| 1999-2000 2000-2001 1998-1999 | | 2003-04 | മറ്റ് പരാമർശങ്ങൾ | 1. ഓല വീട് ഓട് മേയൽ – ക്രമക്കേട്. 2.വിട് റിപ്പയർ – പട്ടികജാതി പദ്ധതി നടത്തിപ്പിലെ അപാകതകൾ 3.കിഴക്കയിൽ മീത്തൽ കിണർ നിർമ്മാണ പ്രവൃത്തി- കൺവീനർ മുൻകൂർ | നിലനിൽക്കുന്നു |
| 2000-01 | 2-2 | 2006-07 | പൊതു പരാമർശം 3.79.1 | കെട്ടിട നികുതി, തൊഴിൽ നികുതി തനത് വരുമാനം യഥാസമയം പിരിക്കാത്തതിനാൽ കാലഹരണപ്പെട്ടു. | നിലനിൽക്കുന്നു |
| | 2-1 | | പൊതു പരാമർശം 3.79.3 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | |
| 2002-03 | 3-5 | 2007-08 | 3.62.1 | വനിതാ വ്യവസായ കേന്ദ്രം കോൺക്രീറ്റ് കെട്ടിടം തകർന്നത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം – 4 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 3-1 | 2016-17 | 4-8 | ഗവ.ഐ.ടി.ഐ സ്ഥാപിക്കൽ പഞ്ചായത്തിന് ബാധ്യത | നിലനിൽക്കുന്നു |
| 2017-18 | 2-1 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം പോരായ്മകൾ | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

(ബി) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85919084 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73618120 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 78084 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 584856 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 63554/- | ശ്രീമതി സ്വീറ്റി എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 14530 | ശ്രീമതി സ്വീറ്റി എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 51,712/- | ശ്രീ. ശ്രീജിത്ത് ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-17 | 3,00,000/- | ശ്രീ. അൻസാർ കെ സെക്രട്ടറി |
| 1-21 | 20,684/- | ഡോ.വിജ്ഞേഷ് എസ്.എൻ<br>മെഡിക്കൽ ഓഫീസർ |
| 1-29 | 2,12,460/- | ശ്രീമതി.സി.എച്ച്.വിജയലക്ഷ്മി, കൃഷി ഓഫീസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖ.1-17 ആദായനികുതി 6000

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സ്വീറ്റി എസ് അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | ചിനിപീടിക,ചെന്നീർക്കര പി.ഒ,പത്തനംതിട്ട 689503 |
| ശ്രീ. അൻസാർ കെ സെക്രട്ടറി | സെക്രട്ടറി വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | കുന്നത്ത് ഹൌസ് .പയ്യോളി അങ്ങാടി 673523 |
| ശ്രീ.ശ്രീജിത്ത് ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ മേലടി ബ്ലോക്ക് പഞ്ചായത്ത് | ശ്രീലയം,വെസ്റ്റ് ഹിൽ ചുങ്കം,കോഴിക്കോട്-673005 |
| ഡോ.വിജ്ഞനേഷ്.എസ്.എൻ മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ലഭ്യമല്ല | ശങ്കർ നിവാസ്,വില്ല്യാപ്പള്ളി,വടകര-673104 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(3)/15-11-2011 | 3(14,16(2),17) |
| 1998-99 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(4) /15-11-2011 | 2(2-1,2-2) |
| 1999-00 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(5)/15-11-2011 | 1(2-1 സമാഹൃതം) |
| 1999-00 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(6)/15-11-2011 | 3(15,16,24) |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(8)/15-11-2011 | 4(2-2ബി,2-2സി,2-3സി,3-4) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(9)/15-11-2011 | 2(2-1,2-3) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(11)/15-11- | 10(2-2,2-3,2-5,2-7,3-3,3-4,3-5,3- |

| | | |
|---|---|---|
| | 2011 | 6,3-9,<br>3-10) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(12)/15-11-2011 | 2 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി9/<br>494/09/03-04-09 | 13(2-2,2-3,2-4,3-1,3-2,3-3,3-4,3-5,<br>3-6,3-7,3-8ബി,3-8എ) |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/<br>1060/09/01-12-09 | 18(2-1,2-2,2-3,2-5,2-6,3-1,3-2,3-3,<br>3-4,3-5,3-6,3-7,3-8,3-9,3-10,3-11,<br>3-12,3-14) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി5/<br>1559/16/31-08-2016 | 3(3-2,3-3,3-4) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി5/<br>1526/16/21-03-2017 | 9(2-8,3-1(1),3-1(3),3-2,<br>3-4,3-6,3-8,3-9,3-12) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി5/<br>566/16/07-04-2016 | 15(3-3,3-5,3-6,3-7,3-8(1),3-8(2),3-9,3-10,<br>3-11,3-12) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി5/567/<br>16/08-04-2016 | 7(2-2,2-3,3-2,3-3,3-8,3-9,3-10) |
| 2010-11&<br>2011-12 | കെ.എസ്.എ.കെ.കെ.ഡി/പി5/856/<br>16/30-08-16 | 8(3-1,3-2,3-6,3-7,3-11,3-13,3-14,3-15) |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി5/ 568/16/31-03-2016 | 4(3-4,3-5,3-6,3-8) |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1297/16/26-07-16 | 9(3-1,3-2,3-5,3-8,3-10,3-11,3-12,3-16,<br>3-18) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/ 2200/01-06-17 | 21(2-1,2-2,2-3,2-4,3-1 മുതൽ 3-17 വരെ) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/<br>2031/2017/02.11.2017 | 27(2-1,2-2,2-3,2-4,2-5,2-6,3-1,<br>3-2,3-3,3-4,3-5,3-6(1),<br>3-6(2),3-7,3-8,3-9,3-10,<br>3-12,3-13,3-14,3-15,3-16,3-17,<br>3-18,3-19,3-20) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/<br>പി5/392/2019/26.07.2019 | 16(1-12,2-1,2-2,2-3,2-4,3-1,3-2,<br>3-3,3-4,3-5,3-6,3-7,3-8,3-9,3-10,<br>3-11) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# <u>അനുബന്ധം-1</u>

നം:കെ.എസ്.എ/കെകെഡി /പി10/169/2020 തിയ്യതി:25.02.2020

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,കോഴിക്കോട്